"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് – വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗം – "മെഡിക്കൽ ആൻഡ് വെൽനസ് ടൂറിസം ഫെസിലിറ്റേറ്റർ" (ലെവൽ 4) എന്ന NSQF കോഴ്സ് ആരംഭിക്കുന്നതിന് ഭരണാനുമതിയും പ്രാരംഭ നടപടികൾക്ക് സാധൂകരണവും നൽകി - ഉത്തരവാകുന്നു.

---

**പൊതുവിദ്യാഭ്യാസ (എൻ) വകുപ്പ്**

സ.ഉ.(സാധാ) നം.3755/2026/GEDN തീയതി,തിരുവനന്തപുരം, 03-06-2026

---

പരാമർശം:-
1. ഇൻഡ്യാ ഗവൺമെന്റ് നൈപുണ്യ വികസന, സംരംഭകത്വ മന്ത്രാലയത്തിന്റെ 05.12.2018-ലെ SD-17/113/2017-E&PW നമ്പർ വിജ്ഞാപനം
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.04.2026 തീയതിയിലെ VHSE/633/2026-C2 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് വി.എച്ച്.എസ്.ഇ (VHSE) വിഭാഗം വഴി കേരളത്തിലെ തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി എൻ.സി.വി.ഇ.ടി (NCVET) -യിൽ നിന്ന് 'അവാർഡിംഗ് ബോഡി-ഡ്യുവൽ' (Awarding Body - Dual) പദവി ലഭിച്ചിട്ടുള്ള, "മെഡിക്കൽ ആൻഡ് വെൽനസ് ടൂറിസം ഫെസിലിറ്റേറ്റർ" (ലെവൽ 4) എന്ന പുതിയ ക്വാളിഫിക്കേഷൻ വികസിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത NSQF കോഴ്സ് ആരംഭിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്നതിനൊപ്പം, ഇതുവരെ സ്വീകരിച്ചിട്ടുള്ള പ്രാഥമിക നടപടികൾക്ക് സാധൂകരണവും നൽകണമെന്നും പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. എൻ.സി.വി.ടി-യിൽ നിന്നും ലെറ്റർ ഓഫ് ഇൻഡന്റ് (LoI) ലഭിച്ചു കഴിഞ്ഞാൽ 90 ദിവസത്തിനുള്ളിൽ ക്വാളിഫിക്കേഷൻ പായ്ക്ക് (QP) സമർപ്പിക്കേണ്ട നിബന്ധനയുള്ളതിനാൽ 30.03.2026-ൽ ചേർന്ന കരിക്കുലം യോഗ തീരുമാനപ്രകാരം ചുവടെ ചേർക്കുന്ന പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുള്ളതായി പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

എ) ക്വാളിഫിക്കേഷൻ രൂപരേഖയും ഘടനയും തയ്യാറാക്കി.

ബി) ടൂറിസം, ആയുർവേദ മേഖലകളിലെ വിദഗ്ധരെ ഉൾപ്പെടുത്തി വർക്കിംഗ് കമ്മിറ്റിയും എക്സ്പെർട്ട് കമ്മിറ്റിയും രൂപീകരിച്ചു.

സി) ടൂറിസം വകുപ്പിന്റെ ലൈൻ മിനിസ്ട്രി അംഗീകാരത്തിനായുള്ള നടപടികൾ ആരംഭിച്ചു.

ഡി) പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾ വാർഷിക പദ്ധതി ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് SCVE-NSQF സ്കീമിൽ നിന്നും വകയിരുത്താൻ തീരുമാനിച്ചു.

3. മേൽ സാഹചര്യത്തിൽ, വൊക്കേഷണൽ ഹയർ സെക്കൻഡറി വിഭാഗത്തിൽ "മെഡിക്കൽ ആൻഡ് വെൽനസ് ടൂറിസം ഫെസിലിറ്റേറ്റർ" (ലെവൽ 4) എന്ന NSQF കോഴ്സ് പുതുതായി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകിയും, ഈ കോഴ്സ് ആരംഭിക്കുന്നതിനായി വകുപ്പ് ഇതുവരെ സ്വീകരിച്ചിട്ടുള്ള എല്ലാ പ്രാഥമിക നടപടികൾക്കും സാധൂകരണം നൽകിയും, പരാമർശം (1) വിജ്ഞാപനത്തിലെ സെക്ഷൻ 20(4) അനുസരിച്ച് NCVET-യും VHSE-യും (Applicant) തമ്മിൽ ഒപ്പുവെക്കുന്ന എഗ്രിമെന്റിന്റെ പകർപ്പ്, നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ എഡ്യൂക്കേഷൻ ആൻഡ് ട്രെയിനിംഗ് (NCVET) ആയത് വിജ്ഞാപനം ചെയ്യുന്ന മുറയ്ക്ക് അടിയന്തരമായി സർക്കാരിൽ ലഭ്യമാക്കേണ്ടതാണെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (എ/ബി/ഇ/എച്ച്/കെ/എൽ/പി/ടി) വകുപ്പ്
ടൂറിസം വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), തിരുവനന്തപുരം
വിവര-പൊതുജനസമ്പർക്ക (വെബ്&ന്യൂ മീഡിയ) വിഭാഗം (*ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്*)
ഓഫീസ് കോപ്പി/ കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Siju Vasudevan
സെക്ഷൻ ഓഫീസർ
Date: 04-06-2026 13:14:33